(എൽ) ഇല്ലെങ്കിൽ വൈദ്യ പരിശോധന നടത്താതെ ഇരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(എം) ഇത് സംബന്ധിച്ച പരാതിയെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ;

(എൻ) എങ്കിൽ അന്വേഷണം നടത്തിയത് ആരെന്നും അതിന്റെ വിശദ വിവരങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഐ) കോട്ടയം ജില്ലാ സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് എ.എസ്.പി. (ട്രെയിനി) കോട്ടയം സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ 13-3-2000-ൽ മൊണാർക്ക് ബാറിൽ റെയിഡു നടത്തി. മൊണാർക്ക് ബാറിൽ ചട്ടങ്ങൾക്കു വിരുദ്ധമായി മദ്യവില്പന നടത്തുന്നതായി രഹസ്യ വിവരം കിട്ടിയതിന്റെ അടി സ്ഥാനത്തിലാണ് റെയിഡ് നടത്തിയത്. മണർകാട് പോലീസ് സ്റ്റേഷനിൽ ക്രൈം 79/2000 നമ്പറായി യു/എസ് 56 (ബി) ഓഫ് അബ്കാരി ആക്ട് ആർ/ഡബ്ല്യൂ സെക്ഷൻ 15 ഓഫ് അമൻഡ്മെന്റ് ആക്ട് ആന്റ് 15 (സി) ഓഫ് അബ്കാരി ആക്ട് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്.

(ജെ-എൽ) പ്രതികളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഇക്കാര്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(എം & എൻ) പരാതിയൊന്നും ലഭിച്ചിട്ടില്ല.

പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ

60 (66) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31-5-2000 വരെ അറസ്റ്റ് ചെയ്ത പ്രതികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; എവിടെയെല്ലാം ;

(ബി) പോലീസ് കസ്റ്റഡിയിലായ സി.പി.ഐ.(എം)കാരെ വിട്ടു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ?

ഉത്തരം

(എ & ബി) ഒരു സംഭവം ; തിരുവനന്തപുരം (റൂറൽ) പോലീസ് ജില്ലയിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ

ദേശീയ പണിമുടക്ക് ദിവസം ജോലിക്ക് ഹാജരായവരെ മർദ്ദിച്ച സംഭവം

61 (68) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എ) 2000 മേയ് 11-ാം തീയതി നടന്ന ദേശീയ പണിമുടക്ക് ദിവസം സർക്കാർ ആഫീസുകളിൽ ഹാജരായി ജോലി ചെയ്തവരെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഇത്തരം എത്ര സംഭവങ്ങൾ അന്നുണ്ടായിട്ടുണ്ട് ;

(സി) അന്ന് ജോലിക്ക് ഹാജരായ ജീവനക്കാരെ മർദ്ദിച്ചവരുടെ പേരിൽ കേസെടുത്തുവോ; അവരെ അറസ്റ്റ് ചെയ്തുവോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) അന്ന് ജോലിക്ക് ഹജരായവരെ ഏതെങ്കിലും ആഫീസിനുള്ളിൽ പൂട്ടിയിട്ട സംഭവം ഉണ്ടായിട്ടുണ്ടോ;

(എഫ്) ജോലിക്ക് ഹാജരായവരെ ഇറക്കിവിട്ട് ആരും വന്നിട്ടില്ലെന്ന് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയ സംഭവം എവിടെയെല്ലാമുണ്ടായി?

ഉത്തരം

(എ & ബി) രണ്ട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) കേസെടുത്തിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉണ്ട്

(എഫ്) ഇത്തരം സംഭവം ഉണ്ടായിട്ടില്ല.

ദേവാലയ മോഷണ കേസുകൾ

62 (69) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31-5-2000 വരെ എത്ര ദേവാലയ മോഷണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ ക്ഷേത്രങ്ങൾ, ക്രിസ്ത്യൻ പള്ളികൾ, മുസ്ലീം പള്ളികൾ, മറ്റു ദേവാലയങ്ങൾ എന്നിവയിലോരോന്നിലും എത്ര മോഷണങ്ങൾ വീതം നടന്നു ;

(സി) ഈ കാലഘട്ടത്തിൽ ദേവാലയങ്ങളിൽ കടന്ന് വിശുദ്ധ വസ്തുക്കൾ നാശനഷ്ടപ്പെടുത്തുകയും അശുദ്ധമാക്കുകയും ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly